From, Shine Sagar K.D
Sreesailam (H) Muhamma P.O

To, Information Officer
District Social Justice Office. Alappuzha

221/17

132/17

# വിവരാവകാശ നിയമം 2005 പ്രകാരം സമർപ്പിക്കുന്ന അപേക്ഷ

A/ 17/1/17

സർ,

താങ്കളുടെ ഓഫീസുമായി ബന്ധപ്പെട്ട് താഴെ പ്രതിപാദിക്കുന്ന ചോദ്യങ്ങൾക്ക് വ്യക്തമായതും വസ്തുനിഷ്ഠമായതുമായ വിവരങ്ങൾ നൽകുവാൻ അപേക്ഷിക്കുന്നു. അഥവാ ഈ ഓഫീസിൽ പ്രസ്തുത വിവരങ്ങൾ ലഭ്യമല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട അനുബന്ധഓഫീസുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് നൽകുവാൻ അപേക്ഷിക്കുന്നു.

1. ഈ ഓഫീസിന്റെ പരിധിയിൽ ആലപ്പുഴ ജില്ലയിൽ നിലവിൽ എത്ര ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

2. മേൽപടി ജില്ലയിൽ എത്ര എൽ.ജി.എസ് തസ്തികകൾ അല്ലെങ്കിൽ സമാന തസ്തികകൾ (വാച്ചർ, നൈറ്റ് വാച്ച്മാൻ, ലാസ്കർ, ഗേറ്റ് കീപ്പർ, ചെയിന്മാൻ, ആംബുലൻസ് ക്ലീനർ, ലോറി ക്ലീനർ, ബംഗ്ലാവ് വാച്ചർ മറ്റ് അനുബന്ധ തസ്തികകൾ) നിലവിൽ ഉണ്ട്. ഇവയിൽ എത്ര ശതമാനം ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ കാറ്റഗറി നമ്പർ 567/2013 വഴി നിലവിൽ വന്ന ലിസ്റ്റ് പ്രകാരം നികത്തപ്പെടുന്നവയാണ്.

3. ചോദ്യം നമ്പർ-2 പ്രകാരമുള്ള തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്, ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുക. ഒഴിവുകൾ ഉണ്ടെങ്കിൽ ആയത് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ഉണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ (ഫയൽ നമ്പറും മറ്റും) ലഭ്യമാക്കുക ഇല്ലായെങ്കിൽ ആയതിന്റെ കാരണവും എന്തെങ്കിലും ഉത്തരവിൻ പ്രകാരം ആണ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതെങ്കിൽ ആയതിന്റെ (ഗവ ഉത്തരവിന്റെ) നമ്പർ ലഭ്യമാക്കുക. ടി തസ്തികകളിൽ 2015 ജൂൺ മുതൽ നടന്ന നിയമനങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുക. പി.എസ്.സി വഴി എത്ര മറ്റ് മാർഗങ്ങളിൽ എത്ര വിശദാംശങ്ങൾ ലഭ്യമാക്കുക.

4. നിലവിൽ മേൽപ്രസ്താവിച്ച തസ്തികകളിൽ വർക്കിങ് അറേഞ്ച്മെന്റ്, ഡെപ്യൂട്ടേഷൻ, ഇന്റർ ഡിസ്ട്രിക്റ്റ് ട്രാൻസ്ഫർ, ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫർ മുഖേന നടന്ന നിയമനങ്ങളുടെ വിവരങ്ങളും അപ്രകാരം നിയമനം നേടിയവരുടെ വിവരങ്ങളും പേരും വിലാസവും, ആയവരുടെ ഡി.ആർ.ബി ഏതാണെന്നും, മുൻ ഓഫീസ് വിലാസവും ലഭ്യമാക്കുക.

5. ചോദ്യം നമ്പർ 4-ൽ പ്രതിപാദിച്ചിരിക്കുന്ന നിയമനപ്രക്രിയകളിൽ സർക്കാർ അനുവദിച്ചിരിക്കുന്ന നിയമങ്ങൾ അനുസരിച്ചുള്ളവയാണോ. അല്ലെങ്കിൽ അങ്ങനെ അല്ലാത്തവ ഏതൊക്കെ ആയവരുടെ വിവരങ്ങൾ ലഭ്യമാക്കുക.

6. ഇന്റർ ഡിസ്ട്രിക്റ്റ് ട്രാൻസ്ഫർ, ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫർ മുഖേന നടത്തപ്പെടുന്ന നിയമനങ്ങളിൽ സർക്കാർ അനുവദനീയമായ വിഹിതം എത്ര ശതമാനമാണെന്നും ഇപ്രകാരം ട്രാൻസ്ഫർ ലഭിക്കുവാൻ അർഹമായ സേവന കാലാവധി എത്രയെന്നും, നിലവിൽ ഇപ്രകാരം ഈ ഓഫീസിന്റെ പരിധിയിൽ നടന്ന നിയമനങ്ങൾ എത്ര ശതമാനമാണെന്നും അതിൽ കവിഞ്ഞത് എത്ര ശതമാനമാണെന്നുമുള്ള വിവരം ലഭ്യമാക്കുക.

മേൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുവാൻ എന്തെങ്കിലും വിധത്തിലുള്ള ഫീസ് ഒടുക്കണമെങ്കിൽ ആയത് അപേക്ഷകനെ എത്രയും വേഗം അറിയിക്കുവാൻ താൽപര്യപ്പെടുന്നു.

ആലപ്പുഴ

17/1/17

എന്ന്

Endt. No. A, 221/17 dt. 30.01.2017 വിവരാവകാശ നിയമം 2005 പ്രകാരം മറുപടി നൽകുന്നതിലേക്ക് താങ്കളുടെ ഓഫീസിലെ [illegible] ലഭ്യമാക്കേണ്ടതാണ്

ജില്ലാ സാമൂഹിക നീതി ഓഫീസർ
ആലപ്പുഴ
688 011.

Shine Sagar K.D
Sreesailam
Muhamma P.O
Alappuzha
PIN. 688 525